## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 892     20.03.2013 -ൽ മറുപടിക്ക്.

### അന്യസംസ്ഥാന തൊഴിലാളികൾക്കായി നിയമ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. കെ. ശിവദാസൻ നായർ : | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി നയം രൂപീകരിക്കുവാനും നിയമ നിർമ്മാണം നടത്തുവാനും ആലോചനയുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(ബി) നയത്തിൻെറയും നിയമനിർമ്മാണത്തിൻെറയും വിശദാംശങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) & (ബി) | അന്യസംസ്ഥാന തൊഴിലാളികൾക്കായി നയം രൂപീകരിക്കുവാനും നിയമ നിർമ്മാണം നടത്തുവാനും സർക്കാർ ആലോചിക്കുന്നു. കേരളത്തിലെ നിലവിലുള്ള സാമൂഹിക ചുറ്റുപാടുകളിൽ അന്യ സംസ്ഥാന തൊഴിലാളികളുടെ വരവ് ഒരു യാഥാർത്ഥ്യമായി ഉൾക്കൊണ്ടുകൊണ്ടുള്ള നയരൂപീകരണമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കുടിയേറ്റ തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമ നിർമ്മാണമാണ് ഇക്കാര്യത്തിൽ സർക്കാർ പരിഗണിക്കുന്നത്. |
| (സി) അന്യസംസ്ഥാന തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനും അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? വിശദമാക്കുമോ ? | (സി) യും (ഡി) യും | ഇതിനായുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ആഫീസർ.